LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കീരം : കേന്ദ്ര ഗവൺമെന്റ് ഈ റിബേറ്റ് വൻതോതിൽ കുറയ്ക്കുകയും Market Development Assistance (M.D.A) എന്ന ഇനത്തിൽ നൽകിക്കൊണ്ടിരുന്ന തുക വെട്ടിക്കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ റിബേറ്റ് പഴയ തോതിൽ തന്നെ നിലനിർത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : റിബേറ്റ് നിറുത്താൻ നടപടിയെടുത്ത അവസരത്തിൽ തന്നെ ഇവിടെ നിന്നും നിവേദകസംഘം പോയി, എല്ലാ മന്ത്രിമാരെ കാണുകയും ചെയ്തു. ടെക്സ്റ്റയിൽ മന്ത്രിയേയും അതുപോലെ തന്നെ ഹാൻഡ്ലൂമിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയേയുമൊക്കെ കണ്ട് വളരെ ശക്തിയായിട്ടുള്ള നിവേദനങ്ങൾ കൊടുത്തു. പക്ഷേ, അവർ അവരുടെ നയങ്ങളാണ് ശരിയെന്ന് പറഞ്ഞ് നമ്മളെ ബോധ്യപ്പെടുത്താനുള്ള പരിശ്രമമാണ് നടത്തുന്നത്. റിബേറ്റ് നേരത്തെ തന്നെ എടുത്തു കളഞ്ഞു. എം.ഡി.എ.യും ഇപ്പോൾ എടുത്തുകളയാനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കൊല്ലം വരെ നമുക്ക് എം.ഡി.എ. കിട്ടി. പക്ഷേ, ബാക്കിയുള്ളതിന് ഇപ്പോൾ രണ്ടു ശതമാനം വീതം കുറയ്ക്കുന്നോ അതോ മുഴുവൻ എടുത്തു കളയുന്നോ എന്നുള്ള കാര്യങ്ങൾ പുറത്തു വന്നിട്ടില്ല. ഇതു മാത്രമല്ല, ദീനദയാൽ ഘഡ്കർ യോജന പ്രകാരം കൈത്തറി രംഗത്ത് സർക്കാർ നൽകിയിരുന്ന വായ്പ നിർത്തലാക്കി, പകരം ധനകാര്യ സ്ഥാപനങ്ങളെ സംഘങ്ങൾക്ക് ആശ്രയിക്കേണ്ടി വന്നിരിക്കുന്നു. ഇത്തരത്തിൽ വായ്പ നൽകാൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളും കമേഴ്സ്യൽ ബാങ്കുകളും മുന്നോട്ടു വരണം. ഇതു വളരെയധികം വിഷമമുള്ള ഒരു കാര്യമാണ്. ബാങ്കുകളിൽനിന്നും ഫണ്ട് എടുക്കുക എന്നു പറഞ്ഞാൽ പല കൈത്തറി സംഘങ്ങൾക്കും അതു ലഭിക്കാതെ വരികയും വാസ്തവത്തിൽ ഈ സംഘങ്ങളൊക്കെ പ്രതിസന്ധിയിൽ വീഴുകയുമാണ് ചെയ്യുന്നത്. ഇപ്പോഴും നമ്മൾ റിബേറ്റു കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെ എം.ഡി.എ. കൊടുക്കുന്നുണ്ട്. കഴിയുന്ന എല്ലാ സഹായങ്ങളും കൈത്തറി മേഖലയെ സഹായിക്കാൻ വേണ്ടി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ എടുക്കുന്നുണ്ട്. പക്ഷേ, പരിമിതികൾ ഏറെയുണ്ടെന്നുള്ള കാര്യമാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്.

IV സബ്മിഷൻ

(1) സെൻസർ ബോർഡിന്റെ പ്രവർത്തനം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ പത്താം കേരള നിയമസഭയുടെ ആദ്യത്തെ സെഷനിൽ ഉന്നയിച്ചുള്ള പ്രധാനപ്പെട്ട ഒരു സബ്മിഷൻ തന്നെയാണ് അവസാനത്തെ സെഷനിലും ഉന്നയിക്കുന്നത്. സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ ഒരിക്കലും നടക്കാൻ പാടില്ലാത്ത രീതിയിൽ സാംസ്ക്കാരിക രംഗത്ത് ഒരുമാതിരി വൃത്തികെട്ട പ്രവണതകൾ നടന്ന് കൊണ്ടിരിക്കുകയാണ്. അതിനെ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ പ്രസിദ്ധീകരണങ്ങളിലും സിനിമകളിലും മറ്റ് മാദ്ധ്യമങ്ങളിലുമെല്ലാം കണ്ടുവരുന്ന അരാജകത്വ പ്രവണതകൾ ഇല്ലാതാക്കുന്നതിന് ഇടപെടൽ

ഉണ്ടാകണം എന്നതാണ് എന്റെ സബ്മിഷൻ. സെൻസർ ബോർഡിന്റെ പ്രവർത്തനം കുറ്റമറ്റതാക്കിയതുകൊണ്ടുമാത്രം ഇത്തരം പ്രവണതകൾ അവസാനിക്കുമെന്ന് കരുതുന്നില്ല. ഇത്തരം കാര്യങ്ങൾ സമൂഹത്തിൽ ഉണ്ടാകാതിരിക്കണം. അതിന് നമുക്ക് ധാർമ്മികമായ ഉത്തരവാദിത്വമുണ്ട്. നമ്മുടെ സമൂഹത്തിലെ യുവതലമുറയെ വഴിതെറ്റിപ്പിക്കുന്ന നിലയിൽ ഇന്ന് പല രംഗത്തും ഇത്തരം പ്രവണതകൾ വളരുകയാണ്. ഇതിനിടെ മാതൃഭൂമി പത്രത്തിൽ ഇതിനെ സംബന്ധിച്ച് വിശദമായ ഒരു വാർത്ത വന്നിരുന്നു. സിനിമാ തിയേറ്ററുകളിൽ ഉണ്ടാകുന്ന നഷ്ടം നികത്താനെന്നു പറഞ്ഞുകൊണ്ട് ഉച്ച സമയത്തൊക്കെ പ്രദർശിപ്പിക്കുന്ന ചില സിനിമകൾ അപകടകരമായ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ ഉണ്ടാകുന്നതാണ് എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ സബ്മിഷന്റെ ഭാഗമായിട്ട് അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. പക്ഷേ, ഒരു ഇടപെടൽ ഉണ്ടാകണം. ധാർമ്മികമായ ഉത്തരവാദിത്വമാണെന്നുള്ള ധാരണയിൽ മാത്രമാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത്തരത്തിൽ ഒരു ഇടപെടലുണ്ടായാൽ അല്പമെങ്കിലും ഇത്തരം പ്രവണതകൾക്ക് പരിഹാരമുണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സിനിമകൾ എന്നിവകളുമായി ബന്ധപ്പെട്ട് നടത്തുന്ന അനാശാസ്യ പ്രവർത്തനങ്ങൾക്കെതിരെ ഐ.പി.സി. 292 അനുസരിച്ച് കേസ് എടുത്തുവരുന്നുണ്ട്. അതുപോലെതന്നെ സ്ത്രീകളെ അശ്ലീലകരമായി ചിത്രീകരിച്ച് നടത്തുന്ന പ്രസിദ്ധീകരണത്തിനെതിരെ Indecent Representation of Women (Prevention) Act-1986 അനുസരിച്ച് നടപടികൾ എടുക്കുന്നുണ്ട്. നടപടികൾ കർശനമായി നടപ്പിലാക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. സെൻസർ ബോർഡിന്റെ പ്രവർത്തനം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. സാമൂഹ്യസംഘടനകളും ബഹുജന പ്രസ്ഥാനങ്ങളും ഈ കാര്യത്തിൽ വേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതുണ്ട്.

മി. ഡെ. സ്പീക്കർ : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ...

(2) എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികൾക്ക് എഞ്ചിനീയറിംഗ്/ പോളിടെക്നിക് അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. നിർണ്ണയിച്ച യോഗ്യതയിൽ ഇളവ് വരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, സാമ്പത്തികമായും സാമൂഹികമായും വളരെ പിൻതള്ളപ്പെട്ട ജനവിഭാഗമാണ് പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ. ഉന്നത വിദ്യാഭ്യാസ മേഖല ഇന്നും ഈ വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരിപക്ഷത്തിനും അന്യമാണ്. അപൂർവ്വം ചില ആളുകൾക്ക് മാത്രമാണ് ഉന്നത വിഭ്യാഭ്യാസം നേടാൻ കഴിഞ്ഞിട്ടുള്ളത്. എഞ്ചിനീയറിംഗ് കോളേജുകളിലേക്കും പോളിടെക്നിക്കുകളിലേക്കും അദ്ധ്യാപകരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുമ്പോൾ വളരെ കുറച്ച് ആളുകൾ മാത്രമാണ് അപേക്ഷ അയയ്ക്കാൻ ഉണ്ടാകുകയുള്ളൂ. ഇപ്പോൾ പി.എസ്.സി. വച്ച നിബന്ധനയനുസരിച്ച് ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly